

# പാഠത്തിനപ്പുറം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ





പ്രിയപ്പെട്ട കുഞ്ഞേ,

പഠിക്കാനുള്ള പാഠങ്ങൾ നിങ്ങളുടെ മുമ്പിൽ ഉണ്ട്.

എന്നാൽ, ജീവിക്കാൻ അതുമാത്രം മതിയോ?
പോര.

പാഠത്തിനപ്പുറത്ത് നമ്മുടെ പ്രകൃതിയെ, കാലത്തെ, ലോകത്തെ ഒക്കെ അറിഞ്ഞുവേണം വളരാൻ.

അങ്ങനെ ജീവിതത്തെ പഠിക്കാൻ സഹായിക്കുന്ന ചില ചിന്തകളാണ് ഇവിടെ പങ്കുവയ്ക്കുന്നത്.

ഇതു വായിക്കുക. അധ്യാപകരുമായും രക്ഷിതാക്കളുമായും കൂട്ടുകാരുമായും ചർച്ചചെയ്യുക.

നിങ്ങൾ രൂപപ്പെടുത്തുന്ന അഭിപ്രായം എന്നെ അറിയിച്ചാൽ ഏറെ സന്തോഷം.

അതുപ്രകാരം ചെയ്യുന്ന കാര്യങ്ങൾ ഒരു ഡയറിയിൽ കുറിച്ചുവയ്ക്കാം. എന്തു നേട്ടം കൈവരിച്ചു എന്ന് അറിയിക്കാൻ മറക്കില്ലല്ലോ.



സ്നേഹത്തോടെ,



പിണറായി വിജയൻ.

# കളിക്കാം പഠിക്കാം

ഇന്നുമുതൽ പഠനം തുടങ്ങുകയല്ലേ?
കൂടെ കളിയും വേണം.
ഓടിയും ചാടിയും കളിക്കാം.
കൂട്ടുകാരോടൊത്തു കളിക്കാം.
കുളത്തിൽ നീന്താം.
സൈക്കിൾ ചവിട്ടാം
അപ്പോൾ ശരീരം വിയർക്കും.
അങ്ങനെ ആരോഗ്യം ഉണ്ടാകും.
പഠനം രസകരമാകും.



# നാം എന്തു തിന്നും?

ചക്കപ്പഴം തിന്നാൻ എന്താ വഴി?
പ്ലാവ് നട്ടുവളർത്തണം.
ചോറുണ്ണാനോ?
നെൽക്കൃഷി ചെയ്യണം.
പച്ചക്കറിക്കോ?
കൃഷി ചെയ്യുക, വീട്ടിലും സ്കൂളിലും.
വെണ്ടയും പാവലും
കോവലും ചീരയുമൊക്കെ
നട്ടുവളർത്താം.



# വൃത്തിയാക്കുക പരിസരം

പരിസരം വൃത്തിയാക്കിയാൽ എന്താണു ഗുണം?
നമുക്ക് ആരോഗ്യവും സന്തോഷവും കിട്ടും.
അപ്പോൾ,
പരിസരം വൃത്തിയാക്കണം.
വീടും വിദ്യാലയവും
നാടും നടവഴിയും വൃത്തിയാക്കണം.



# വെള്ളമില്ലാതെ ജീവിക്കാൻ കഴിയുമോ?

പുഴയിലും കുളത്തിലും ധാരാളം വെള്ളമുണ്ടായിരുന്നു.
കിണറു നിറയെ വെള്ളം.
ഇഷ്ടം പോലെ മഴയും ഉണ്ടായിരുന്നു.
ഇപ്പോഴോ, മഴ കുറയുന്നു. പുഴ വറ്റുന്നു.
കുളങ്ങളിലും കിണറുകളിലും
മാലിന്യം കലരുന്നു.



കുടിക്കാനും കുളിക്കാനും
ആഹാരമുണ്ടാക്കാനും വെള്ളം വേണം.
വെള്ളമില്ലാതെ ജീവിക്കാനാവില്ല.
അപ്പോൾ എന്തു ചെയ്യും?
പ്രകൃതി നൽകുന്ന വെള്ളം
നാളേക്ക് കരുതിവയ്ക്കണം.

# മനുഷ്യർ ഒന്ന് ലോകം ഒന്ന്

ലോകത്ത് ഒരുപാടു രാജ്യങ്ങളില്ലേ?
അവിടെയെല്ലാം മനുഷ്യരുണ്ട്.
പല ഭാഷക്കാർ, പല വേഷക്കാർ.
അവരെ ഉയർന്നവരെന്നും
താഴ്ന്നവരെന്നും വേർതിരിക്കണോ?
വേണ്ട, എല്ലാ മനുഷ്യരും തുല്യരാണ്.

അവരിൽ പല
മതവിശ്വാസക്കാരില്ലേ?
ഉണ്ട്.
എന്നാൽ,
എല്ലാ മതക്കാരും
തുല്യർ.



# ഒരു സൂചികുത്തിന്റെ വില

കുത്തിവച്ചാൽ ഉറുമ്പു കടിക്കുന്ന വേദനയുണ്ടാകും.
കുത്തിവെപ്പ് എടുക്കാതിരുന്നാലോ?
പോളിയോപോലുള്ള രോഗം വന്നേക്കാം.
പണ്ട് വസൂരിരോഗം ഉണ്ടായിരുന്നു.
സഹിക്കാൻ പറ്റാത്ത വേദനയോടെ
രോഗി മരിക്കുന്ന രോഗം.
എല്ലാവരും കുത്തിവെപ്പ് എടുത്തതുകൊണ്ട്
ആ രോഗം ഇല്ലാതായി.
റുബെല്ലപോലുള്ള രോഗങ്ങൾ
ഇല്ലാതാക്കാൻ എല്ലാവരും
പ്രതിരോധകുത്തിവെപ്പ്
എടുക്കണം.



# കണ്ടെത്താം പുതിയൊരു സത്യം

നമുക്കുചുറ്റും എന്തൊക്കെയാണു
കാണുന്നത്?
പേന, മൊബൈൽഫോൺ, കാർ,
കമ്പ്യൂട്ടർ, കപ്പൽ, ട്രെയിൻ, വിമാനം
തുടങ്ങി എത്രയോ വസ്തുക്കൾ!
ഇതെല്ലാം ശാസ്ത്രത്തിന്റെ
സംഭാവനകളാണ്.
അന്വേഷിച്ചും പരീക്ഷിച്ചും നിരീക്ഷിച്ചും
പുതിയ സത്യങ്ങൾ കണ്ടെത്തുന്നു.
അതാണു ശാസ്ത്രം.
നമുക്കും പരീക്ഷണങ്ങൾ നടത്താം.
പുതിയ കണ്ടുപിടുത്തങ്ങളിലൂടെ വളരാം.



# തൊട്ടറിയാം ഇന്റർനെറ്റിൽ

ഇന്റർനെറ്റിൽ എന്തെല്ലാം ഉണ്ട്?
ഇന്റർനെറ്റിൽ ഒത്തിരിയൊത്തിരി അറിവുണ്ട്.
ഗെയിമുകൾ, പാട്ട്, സിനിമ, ചിത്രം, സയൻസ്
അങ്ങനെ പലതും.
കമ്പ്യൂട്ടറിലും ഫോണിലും
അവ എപ്പോഴും കിട്ടും.
പക്ഷേ നല്ലതേ എടുക്കാവൂ.
ചീത്തക്കാര്യങ്ങൾ വേണ്ടേവേണ്ട.
എപ്പോഴും ഇന്റർനെറ്റിൽ നോക്കിയിരിക്കേണ്ട.
അത് ആരോഗ്യത്തിനു നല്ലതല്ല.



# പൂച്ച കുറുകെ ചാടിയാൽ എന്താ?

പൂച്ച കുറുകെ ചാടിയത്
യാത്ര മുടക്കാനാണോ?
അല്ല. പൂച്ചയ്ക്ക് അതുവഴി
എവിടേക്കോ പോകണമായിരുന്നു.
കൈവെള്ള ചൊറിഞ്ഞാൽ
പണം കിട്ടുമോ? ഇല്ല.
രോഗം വന്നാലോ?
മരുന്നു കഴിക്കണം.
മിടുമിടുക്കരാവാനോ?
കഠിനാദ്ധ്വാനം വേണം.
പരീക്ഷ ജയിക്കാൻ?
നന്നായി പഠിക്കണം.



# നമുക്കു കിട്ടുന്നത് തിരികെ നൽകാം

അച്ഛനും അമ്മയ്ക്കും
അമ്മൂമ്മയ്ക്കും അപ്പൂപ്പനും
നിങ്ങളെ എന്തിഷ്ടമാണെന്നോ!
അവരെ നിങ്ങൾക്കും ഇഷ്ടമല്ലേ?
അവർക്കു കുറെക്കൂടി
പ്രായമാകുമ്പോഴോ?
ശരീരം ക്ഷീണിക്കും, നടക്കാൻ
കഴിയാതാകും. അപ്പോഴും
അവരെ സ്നേഹിക്കണം.
സഹായിക്കുകയും വേണം.
മുതിർന്നവരെ സ്നേഹിക്കുക,
സഹായിക്കുക,
ബഹുമാനിക്കുക.



# അറിവ് നമ്മെ വലിയവരാക്കും

എന്തിനാണു വായിക്കുന്നത്?
അറിവും ആനന്ദവും നേടാൻ.
കഥയും കവിതയും വായിക്കാം.

കഥകളിലെ നല്ല കഥാപാത്രങ്ങൾ
നമ്മെ നല്ലവരാക്കും.
വായിക്കുന്നവർ വായിക്കാത്തവരേക്കാൾ
നല്ല മനുഷ്യരാകും.

നന്നായി പഠിക്കുക.
വായന വളർത്തുക.




PAADHATHINAPPURAM
Information  Public Relations Department
Government of Kerala

| | | |
|---|---|---|
| Chief Editor | : | T. V. Subhash IAS |
| Co-ordinating Editor | : | P. Vinod |
| Deputy Chief Editor | : | K. P. Saritha |
| Editor | : | Manoj K. Puthiyavila |
| Illustration | : | P.Y. Sudheer |
| Design | : | P.A. Fousia |
| Circulation Officer | : | Sunil Hassan |
| Printed at | : | KBPS, Kakkandu, Kochi |

Compiled and Edited by the Research and Reference Wing, I&PRD.
Printed and Published by the Director, I&PRD.
May 15, 2018
For Free Distribution
Number of Copies: 10,75,000





**Printed and published by T.V. Subhash IAS,
Director, Information - Public Relations
Department on behalf of Government of Kerala
and Printed at KBPS, Kakkanadu, Kochchi.
For free circulation.**

**ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ**